>> മുഖക്കുറിപ്പ്

# ഒരു കോടതി വിധിയും പ്രതികരണങ്ങളും

**മധ്യപ്രദേശിലെ** നിർമല കോൺവെന്റ് ഹയർ സെക്കന്ററി സ്കൂളിൽ വിദ്യാർഥിയായ മുഹമ്മദ് സലീം താടിവെച്ച് സ്കൂളിൽ പോകാൻ അനുവാദം തേടി സുപ്രീംകോടതിയിൽ സമർപ്പിച്ച ഹരജി തള്ളിക്കൊണ്ട് ബഹു. ജസ്റ്റിസ് മാർക്കണ്ഡേയ കാട്ജു മാർച്ച് 30ന് പുറപ്പെടുവിച്ച വിധിയിലെ ചില പരാമർശങ്ങൾ മുസ്‌ലിം സമുദായത്തെ വല്ലാതെ ഉൽകണ്ഠപ്പെടുത്തുകയുണ്ടായി. 'ഈ നാട്ടിൽ നാം താലിബാനിസം ആഗ്രഹിക്കുന്നില്ല, നാളെ ഒരു മുസ്‌ലിം പെൺകുട്ടി പർദ ധരിച്ച് സ്കൂളിൽ പോകാൻ അനുവാദം ചോദിച്ചാൽ അതനുവദിക്കാനാകുമോ? മതേതരത്വം അവഗണിക്കപ്പെടുന്നത് പ്രോത്സാഹിപ്പിച്ചു കൂടാ, രാജ്യത്ത് താലിബാനൈസേഷൻ അനുവദിക്കാനാവില്ല' തുടങ്ങിയവയാണ് ആൺകുട്ടികൾ താടിവെച്ച് ക്ലാസിൽ വരാൻ പാടില്ല എന്ന് കോൺവെന്റ് അധികൃതർ ഏർപ്പെടുത്തിയ വിലക്കിനെ സാധൂകരിച്ചുകൊണ്ട് കോടതി നടത്തിയ വിവാദ പരാമർശങ്ങൾ.

താടിയും പർദയും ഇസ്‌ലാമിക ശരീഅത്ത് നിർബന്ധമായി അനുശാസിച്ചിട്ടുള്ള മൗലിക ധർമങ്ങളാണോ, അതല്ല മതഭക്തർ പാരമ്പര്യമായി തുടർന്നുവരുന്ന സമ്പ്രദായം മാത്രമാണോ എന്നൊരു ചോദ്യമുണ്ട്. അതിന്റെ മറുപടി എന്തായാലും താടിയുടെയും പർദയുടെയും ഇസ്‌ലാമിക മാനമല്ല ഇവിടെ പ്രശ്നമായിട്ടുള്ളത്; അവ ഭീകരതയുടെയും തീവ്രവാദത്തിന്റെയും ലക്ഷണമാണെന്ന കണ്ടെത്തലാണ്. ഇസ്‌ലാമിനെയും ഇസ്‌ലാമിക മുദ്രകളെയും സംബന്ധിച്ച് സഹോദര സമൂഹങ്ങളുടെ ഉന്നത ശ്രേണികളിൽ വളർന്നുവന്നിട്ടുള്ള നിഷേധാത്മക മനോഭാവമാണ് മുസ്‌ലിംകളെ ഉത്കണ്ഠപ്പെടുത്തുന്നത്. അഫ്ഗാനിസ്താനെ വിദേശശക്തികളിൽനിന്ന് മോചിപ്പിക്കാൻ പോരാടുന്ന സൈനിക സംഘമാണ് താലിബാൻ. അവരുടെ ചില നിലപാടുകളോടും നടപടികളോടും മറ്റു മുസ്‌ലിംകൾക്കുതന്നെ കടുത്ത എതിർപ്പുണ്ട്. എങ്കിലും അവർ താടിവളർത്തുന്നത് മഹാ അക്രമമായി മുസ്‌ലിംകളല്ലാത്തവർക്കും കാണാനാവില്ല. താലിബാൻ ഉണ്ടാകുന്നതിനു മുമ്പേ മുസ്‌ലിംകളും അല്ലാത്തവരും താടി വളർത്തിവരുന്നുണ്ട്. നമ്മുടെ മുൻ പ്രസിഡന്റ് താടിക്കാരനായിരുന്നു. ഇപ്പോഴത്തെ പ്രധാനമന്ത്രിയും താടിക്കാരനാണ്. സന്യാസിമാരും പുരോഹിതന്മാരും താടി വളർത്തുന്നുണ്ട്. സിക്ക് വിദ്യാർഥികൾ വിദ്യാലയങ്ങളിൽ പഠിക്കുന്നതും, പോലീസിലും സൈന്യത്തിലും പ്രവർത്തിക്കുന്നതും താടിവെച്ചുകൊണ്ടാണ്. ഇതൊന്നും ഭീകരതയല്ല; മതേതരത്വത്തിനെതിരുമല്ല. പക്ഷേ മുസ്‌ലിംകൾ താടിവെക്കുന്നത് മതേതരത്വ വിരോധമാണ്, താലിബാനൈസേഷനാണ്! ഈ നിലപാട് വേദനാജനകവും പ്രതിഷേധാർഹവും തന്നെയാണ്.

അഫ്ഗാൻ അധിനിവേശത്തിനെതിരെ പൊരുതുന്ന താലിബാനെ പൊതുമനസ്സിൽ തിന്മയുടെ പ്രതീകമായി പ്രതിഷ്ഠിക്കേണ്ടത് സാമ്രാജ്യത്വശക്തികളുടെ ആവശ്യമാണ്. അത് സാധിക്കാൻ അവർ പാകിസ്താന്റെ അതിർത്തി പ്രദേശങ്ങളിലെ സാമ്രാജ്യത്വവിരോധികളെയും താലിബാൻ എന്നു വിളിച്ചു. പിന്നെ സാമ്രാജ്യത്വത്തോട് സമരം ചെയ്യുന്ന എല്ലാ മുസ്‌ലിംകളും 'താലിബാൻ' എന്നു വിശേഷിപ്പിക്കപ്പെട്ടു. മൂന്നു മാസം മുമ്പ് ഇസ്രയേൽ ഗസ്സയുടെ മേൽ മൃഗീയമായ ആക്രമണമഴിച്ചുവിട്ടപ്പോൾ ഫലസ്ത്വീൻ വിമോചന പ്രസ്ഥാനമായ ഹമാസിനെയും വിളിച്ചത് താലിബാൻ എന്നാണ്. ഇപ്പോൾ ഇസ്‌ലാമിനോട് പ്രതിബദ്ധതയുള്ള മുസ്‌ലിംകളെല്ലാം താലിബാനും ഇസ്‌ലാമിന്റെ പേരിൽ ചെയ്യുന്നതെന്തും താലിബാനൈസേഷനുമാണ്. പാശ്ചാത്യ ശക്തികൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രചണ്ഡമായ ഇസ്‌ലാം-മുസ്‌ലിംവിരുദ്ധ പ്രചാരണം നേടിയ വിജയമാണ് ജസ്റ്റിസ് കാട്ജുവിന്റെ പരാമർശങ്ങളിൽ തെളിയുന്നത്.

വിദ്യാർഥിക്ക് താടിവെച്ച് ക്ലാസിൽ പോകാൻ അനുമതി നിഷേധിക്കുന്ന സുപ്രീംകോടതിയുടെ വിധിയെ മുസ്‌ലിം സമുദായം മാനിക്കുന്നുണ്ട്. പ്രതിഷേധം, അതു സംബന്ധിച്ച് കോടതി നടത്തിയ നിരീക്ഷണങ്ങളോടാണ്. അത് അനാവശ്യം മാത്രമല്ല ആപത്കരവുമാകുന്നു. അതിൽ മുസ്‌ലിം സമുദായത്തിന് ആശങ്കയും പ്രതിഷേധവുമുണ്ടാവുക സ്വാഭാവികം മാത്രം. പ്രതിഷേധങ്ങളിൽ ചിലത് കേവലം വൈകാരികമായിപ്പോയിരിക്കാം. ചിലർ പ്രകടിപ്പിച്ച രീതി അനുചിതവുമായിരിക്കാം. എങ്കിലും ഏറെ ഔചിത്യപൂർണവും മാതൃകാപരവുമായ ചില നീക്കങ്ങളും ഉണ്ടായിട്ടുണ്ട് എന്നത് ശുഭോദർക്കമാണ്.

പ്രശസ്ത നിയമജ്ഞനും ലോ കമീഷൻ ഓഫ് ഇന്ത്യ മെമ്പറുമായ പ്രഫ. ത്വാഹിർ മഹ്മൂദും അദ്ദേഹത്തിന്റെ പുത്രൻ അഡ്വ. ഡോ. സൈഫ് മഹ്മൂദും ജസ്റ്റിസ് കാട്ജുവിനെ സന്ദർശിച്ച് സംഭാഷണം നടത്തിയതാണ് അതിലൊന്ന്. വിധിയിലെ പരാമർശങ്ങൾ അസൽവിധിയുടെ ഭാഗമല്ലെന്ന് ജസ്റ്റിസ് വെളിപ്പെടുത്തി. അത് തെറ്റുധാരണയുളവാക്കുന്ന വിധത്തിൽ പ്രചരിക്കപ്പെട്ടതിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. ഇസ്‌ലാമിനെയും അതിന്റെ മൂല്യങ്ങളെയും താൻ വളരെയേറെ ആദരിക്കുന്നുണ്ടെന്നും തന്റെ പല വിധിന്യായങ്ങളിലും ഇസ്‌ലാമിക മൂല്യങ്ങളെ പിന്താങ്ങിയിട്ടുണ്ടെന്നും, മുസ്‌ലിംകളുടെ ഭരണഘടനാപരമായ അവകാശങ്ങളെക്കുറിച്ച് താൻ ധാരാളം ലേഖനങ്ങളെഴുതിയിട്ടുണ്ടെന്നും ജസ്റ്റിസ് കാട്ജൂ അവകാശപ്പെട്ടു. താൻ ഇനിയും അതൊക്കെ തുടരുമെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ മുൻ വിധിന്യായങ്ങളിലോ ലേഖനങ്ങളിലോ പ്രഭാഷണങ്ങളിലോ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ആക്ഷേപിക്കുന്ന പരാമർശങ്ങൾ ഉണ്ടായിട്ടില്ല എന്നത് സത്യമാണ്. ഈ സാഹചര്യത്തിൽ ജസ്റ്റിസ് കാട്ജൂവിനെതിരായ പ്രതിഷേധം അവസാനിപ്പിക്കണമെന്ന് പേഴ്സണൽ ലോ ബോർഡ് അധ്യക്ഷൻ മൗലാനാ റാബിഉൽ ഹസനി പ്രസ്താവിച്ചതും ശ്ലാഘനീയമായി. നീറിപ്പുകഞ്ഞ് കലാപമായി ആളിപ്പടർന്നേക്കാവുന്ന ഒരു പ്രശ്നം അങ്ങനെ കെട്ടടങ്ങി.

ഡോ. ത്വാഹിർ മഹ്മൂദ് നടത്തിയ നീക്കം മുസ്‌ലിം സമുദായം- അതിന്റെ നേതാക്കൾ വിശേഷിച്ചും- അനുകരണീയമായ ഒരു മാതൃകയായി കാണേണ്ടതാണ്. അന്യായമായ ആരോപണങ്ങളും ആക്ഷേപങ്ങളും ഉയരുമ്പോൾ വെറുതെ ബഹളംവെച്ചതുകൊണ്ട് കാര്യമില്ല. പ്രശ്നം വഷളാക്കാനേ പലപ്പോഴും അത് ഉപകരിക്കൂ. ആക്ഷേപമുന്നയിച്ചവരുമായി നേരിൽ ബന്ധപ്പെട്ട് തെറ്റിദ്ധാരണകൾ ദൂരീകരിക്കുകയും യാഥാർഥ്യങ്ങൾ ബോധ്യപ്പെടുത്തുകയുമാണ് ആദ്യം വേണ്ടത്. അതാണ് സംഘർഷങ്ങളൊഴിവാക്കാൻ ഏറെ ഫലപ്രദവും സമാധാനപരവുമായ മാർഗം. ■